<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3437**</u> <u>**26-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കർഷക പെൻഷൻ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ കൃഷി ഭവനുകളിൽ കർഷക പെൻഷനു വേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാ തെയുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാന ത്തിലും മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും വ്യക്തമാക്കാമോ; | (എ) | വർക്കല നിയോജക മണ്ഡലത്തിൽ കർഷക പെൻഷനു വേണ്ടി സ്വീകരിച്ച തീർപ്പാക്കാതെയുള്ള അപേക്ഷകളുടെ കണക്ക് കൃഷിഭവൻ/ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |
| (ബി) | കർഷക പെൻഷനു വേണ്ടി സ്വീകരിക്കുന്ന അപേക്ഷകളിൽ മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ഏറ്റവും കുറഞ്ഞ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ദിവസമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലയളവ് നിശ്ചയിച്ച് നല്കാമോ? | (ബി) | കർഷക പെൻഷനു വേണ്ടി സ്വീകരിക്കുന്ന അപേക്ഷകളിൽ, ബന്ധപ്പെട്ട കാർഷിക വികസന സമിതികളുടെ അനുമതിയും, 03.03.2017 തീയ്യതിയിലെ കൃഷി ആസൂത്രണം (ബി) വകുപ്പിന്റെ സർക്കാർ ഉത്തരവ് (എം.എസ്.) 28/2017കൃഷി പ്രകാരം പുതിയ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതിയും ആവശ്യമായതിനാൽ, മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ഏറ്റവും കുറഞ്ഞ കാലയളവ് നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

| **കൃഷിഭവൻ/ ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി** | **തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം** |
| --- | --- |
| മടവൂർ | ഇല്ല |
| നാവായിക്കുളം | 3 |
| പള്ളിക്കൽ | ഇല്ല |
| ചെമ്മരുതി | 2 |
| ഇലകമൺ | ഇല്ല |
| ഇടവ | ഇല്ല |
| വെട്ടൂർ | ഇല്ല |
| വർക്കല മുൻസിപ്പാലിറ്റി | 3 |
| **ആകെ** | **8** |